**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 880** **24-06-2026-ൽ മറുപടിയ്ക്ക്**

**ഷിറിയ റിവർ ട്രെയ്നിംഗ് അനുമതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. കെ. എം. അഷ്റഫ് ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ഷിറിയ റിവർ ട്രെയ്നിംഗ് പ്രവൃത്തിക്കായി സി.ആർ. ഇസഡ് അനുമതി ലഭ്യമാക്കാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

**മറുപടി:** കാസർഗോഡ് ജില്ലയിലെ ഷിറിയ റിവർ ട്രെയിനിങ് പ്രവൃത്തിക്കായി 26/02/2021 തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ (ആർ.റ്റി)നം.122/2021/പി&ഇഎ പ്രകാരം 2430 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർന്ന് കാലതാമസം ഒഴിവാക്കുന്നതിനായി CRZ Clearance അംഗീകാരം ഉടനടി ലഭ്യമാകുമെന്ന അനുമാനത്തിൽ പ്രവൃത്തി ഏർപ്പാടാക്കുകയും ചെയ്തിരുന്നു.

മേൽ പ്രവൃത്തിയുടെ CRZ Clearance ലഭ്യമാക്കുന്നതിനുള്ള അപേക്ഷ 09/02/2022-ന് KCZMA- യ്ക്ക് സമർപ്പിച്ചു. 26/02/2022 ന് നടന്ന CRZ Clearance Committee യിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ മാതൃകാപഠന റിപ്പോർട്ട് ഏതെങ്കിലും അംഗീകൃത ഏജൻസിയെക്കൊണ്ട് വെറ്റ് ചെയ്ത് സമർപ്പിക്കാൻ നിർദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഐ.ഐ.ടി മദ്രാസിനെ ഇതിനായി ചുമതലപ്പെടുത്തുകയും 2023 ഫെബ്രുവരിമാസത്തിൽ ഐ.ഐ.ടി മോഡൽ സ്റ്റഡി റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. ടി റിപ്പോർട്ട് CRZ Clearance ലഭിക്കുന്നതിനായി 16/03/2023- തിയ്യതിയിൽ KCZMA- ക്ക് സമർപ്പിച്ചു. 30/06/2023ന് കൂടിയ KCZMA- യുടെ 129-ാമത് മീറ്റിങ്ങിൽ വീണ്ടും ഒരു മോഡൽ സ്റ്റഡി നടത്താൻ നിർദേശിച്ചിരുന്നു. എന്നാൽ പിന്നീട് 15/09/2023-ന് കൂടിയ KCZMA- യുടെ 131-ാമത് മീറ്റിങ്ങിൽ കേരള സർക്കാർ Comprehensive Shoreline Management Plan തയ്യാറാക്കുന്നുണ്ടെന്നും, ഷിറിയ റിവർ ട്രെയിനിങ് പദ്ധതിയുടെ CRZ Clearance, Comprehensive Shoreline Management Plan-ന് അംഗീകാരം ലഭിച്ചതിന് ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ എന്ന് KCZMA അറിയിക്കുകയും ചെയ്തു. ഷോർ ലൈൻ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി ഇറിഗേഷൻ വകുപ്പ് മുഖേനയാണ് സ്വീകരിച്ചു വരുന്നത്. ആയതിന് അന്തിമ തീരുമാനം ആയാൽ മാത്രമേ CRZ Clearance ലഭ്യമാകുകയുള്ളൂ.

CRZ Clearance ലഭിക്കുന്നതിനുള്ള കാലതാമസം കാരണം 23/12/2023 ന് കൂടിയ RKI-Implementation Committee യുടെ മീറ്റിംഗിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 16/03/2024 തീയതിയിലെ ജി.ഒ(ആർ.റ്റി)നം.105/2024/പി&ഇഎ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. CRZ അംഗീകാരം ലഭിച്ചതിന് ശേഷം പുതുക്കിയ ഭരണാനുമതിക്കും ഫണ്ടിനുമായി പദ്ധതി പുന:സമർപ്പിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**